# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5713 | 03-11-2016-ൽ മറുപടിക്ക്

## വനദീപ്തി പദ്ധതി

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്

**ഉത്തരം**

ശ്രീ. അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

എ) വനദീപ്തി പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം ഏതൊക്കെ ഡിവിഷനുകളിൽ ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

എ) അക്കേഷ്യ മുറിച്ച് മാറ്റിയ തോട്ടങ്ങളിൽ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വിവിധ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് സ്വാഭാവിക വനവൽക്കരണം നടത്തുന്ന വനദീപ്തി പദ്ധതി കൊല്ലം സതേൺസർക്കിൾ സോഷ്യൽ ഫോറസ്ട്രിയുടെ കൊല്ലം, തിരുവനന്തപുരം ഡിവിഷനുകളിൽ 2012-2013, 2013-2014 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം പുതിയതായി പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. പരിചരണപ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്.

ബി) എത്ര തുക ഇതിനായി ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ബി) 2015 16 വർഷത്തിൽ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 8.37 ലക്ഷം രൂപയും കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2.49 ലക്ഷം രൂപയും വനദീപ്തിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ